**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പൈപ്പ്‌ലൈൻ മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ 66 വികസനത്തിന്റെ ഭാഗമായി ഗുരുവായൂർ മണ്ഡല പരിധിയിൽ കുടിവെള്ള പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യുമായി ഏതൊക്കെ കരാറുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നാഷണൽ ഹൈവേ 66 റോഡ് വികസന പ്രവൃത്തിയുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി NHAI ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് NHAI വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.<br><br>നാഷണൽ ഹൈവേ 66 Utility Shifting പ്രവർത്തിയുടെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഉൾപ്പെടെ 10 ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയ ഡിസൈൻ അനുസരിച്ച് വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനു വേണ്ടി NHAI യിൽ നിന്നും ലഭിച്ച ഡിമാൻറ് നോട്ടീസ് അനുസരിച്ച് 27.04.2023 തീയതിയിൽ അധിക തുകയായ 14,13,62,000/- രൂപ ഡെപ്പോസിറ്റായി അടച്ചിട്ടുണ്ട്. |
| (ബി) | കുടിവെള്ള പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും തടസ്സമില്ലാതെ കുടിവെള്ളം ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | നാഷണൽ ഹൈവേ 66വികസനത്തിന്റെ ഭാഗമായി ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വരുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ആവശ്യമായ തുക വാട്ടർ അതോറിറ്റി NHAI ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പൈപ്പുകൾ വാട്ടർ അതോറിറ്റി കരാറുകാരിൽ നിന്നും ദേശീയ പാത കരാറുകാർക്ക് കൈമാറുകയും ആവശ്യമായ ഡ്രോയിങ്ങുകളും നൽകുകയും ചെയ്തിട്ടുണ്ട്. NHAI പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മന്ദഗതിയിലായതിനാൽ നിലവിൽ പഴയ പൈപ്പ് ലൈനിലൂടെ തന്നെയാണ് ജലവിതരണം നടത്തിവരുന്നത്<br><br>വികസനപ്രവൃത്തിയുടെ ഭാഗമായി പൈപ്പുകൾ പൊട്ടി കുടിവെള്ളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്ന സ്ഥലങ്ങളിൽ ദേശീയപാത കരാർ കമ്പനിയോട് ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ജില്ല കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 55% പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തിക്കിടെ പൊട്ടുന്ന പൈപ്പുകൾ പെട്ടെന്ന് ശരിയാക്കുന്നതിന് NHAI-യുമായി ബന്ധപ്പെടാറുമുണ്ട്. കാലതാമസം നേരിടുമ്പോൾ എം.എൽ.എ. തലത്തിലുള്ള മീറ്റിങ്ങുകളിലും മുനിസിപ്പാലിറ്റി, പഞ്ചായത്ത് തല മീറ്റിങ്ങുകളിലും, കളക്ടർ തലത്തിലും പ്രശ്നം അവതരിപ്പിക്കുകയും പരിഹാരത്തിന് ശ്രമിക്കുകയും ചെയ്തു വരുന്നു. |
| (സി) | നാഷണൽ ഹൈവേ-66 നവീകരണത്തിന്റെ ഭാഗമായി തുടർച്ചയായി കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ? | (സി) | നാഷണൽ ഹൈവേ 66 വികസനത്തിന്റെ ഭാഗമായി കാനകളുടെയും Retaining Wall, Over Bridge എന്നിവയുടെയും നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പല ജലവിതരണപൈപ്പുകൾക്കും സാരമായ കേടുപാടുകൾ സംഭവിക്കുകയും ഇത് കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്. ദേശീയപാതയുടെ കരാറുകാർ തന്നെയാണ് ഇത്തരം കേടുപാടുകൾ നന്നാക്കേണ്ടത്. പല സ്ഥലങ്ങളിലും കേടുപാടുകൾ പൂർത്തീകരിക്കുന്നത് അനുസരിച്ച് ജലവിതരണം പുനഃസ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇത് പല ഘട്ടങ്ങളിലായി നടന്ന യോഗങ്ങളിൽ ജന പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ചാവക്കാട് മുനിസിപ്പാലിറ്റിയുടെ വടക്കെ അതിർത്തി മുതൽ (തിരുവത്ര) ഏങ്ങണ്ടിയൂർ വരെയാണ് NHAI പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ റോഡിലൂടെയാണ് ഗുരുവായൂർ, ചാവക്കാട് മുനിസിപ്പാലിറ്റിയിലേയ്ക്കും ഒരുമനയൂർ, കടപ്പുറം പഞ്ചായത്തിലേയ്ക്കുമുള്ള പമ്പിങ്ങ് മെയിൻ അടക്കമുള്ള പ്രധാന പൈപ്പുകൾ ഉള്ളത്. NHAI പ്രവൃത്തികളുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിങ്ങ് പൂർത്തിയാക്കാത്തതിനാൽ നിലവിലുള്ള പൈപ്പിലൂടെയാണ് കുടിവെള്ളം വിതരണം ചെയ്ത് കൊണ്ടിരിക്കുന്നത്. NHAI റോഡ് പണിയുടെ ഭാഗമായി പലപ്പോഴും ഈ പൈപ്പുകൾ പൊട്ടുകയാണ്. പൈപ്പ് പൊട്ടി കഴിഞ്ഞാൽ അത് ശരിയാക്കേണ്ട ഉത്തരവാദിത്വം NHAI-യ്ക്കാണെങ്കിലും യഥാസമയം ശരിയാക്കാത്തതിനാൽ ചാവക്കാട്, ഒരുമനയൂർ, കടപ്പുറം പ്രദേശത്തും ചാവക്കാട് മുനിസിപ്പാലിറ്റിയിലും കുടിവെള്ളവിതരണത്തിന് തടസ്സം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ